8

## ദൈവം

# ദൈവം അത്ഭുതങ്ങൾ ചെയ്തിട്ടുണ്ടോ?

മനുഷ്യ ചരിത്രത്തിൽ ചില സമയങ്ങളിൽ ദൈവം അത്ഭുതം പ്രവർത്തിച്ചിട്ടുണ്ട്. നാം പ്രത്യേകമായി "ക്രിസ്ത്യാനിത്വത്തിലെ അത്ഭുതങ്ങൾ സംഭവിച്ചതാണോ?" എന്നാണ് പരിഗണിക്കുന്നത്. ഈ ചോദ്യത്തെ പരിഗണിച്ചുകൊണ്ടു, ഡേവിഡ് ഹ്യൂം അത്ഭുതങ്ങളിലെ സാക്ഷ്യങ്ങളുടെ വിശ്വാസ്യതക്കെതിരായി തന്റെ തന്നെ ജീവിതാനുഭവം എടുക്കുന്നുണ്ട്.

### ഒരു തെറ്റു പറ്റാൻ സാധ്യതയുണ്ടോ?

സാക്ഷ്യത്തിൽ വഞ്ചനയോ അല്ലെങ്കിൽ തെറ്റോ വരാൻ സാധ്യതയുണ്ടോ? അത്ഭുതങ്ങളിൽ വിശ്വസിക്കുന്നതാണോ സാക്ഷ്യങ്ങളെ തള്ളിക്കളയുന്നതാണോ എളുപ്പം? എഡ്വിൻ എ. ബർട്ട് പറഞ്ഞതനുസരിച്ചു, ചില കാര്യങ്ങളിൽ "സ്ഥിരീകരിക്കുവാൻ ശ്രമിക്കുന്ന വസ്തുതയേക്കാൾ തെറ്റ് അത്ഭുതാവഹമായിരിക്കാം."

എന്തും വിശ്വസിക്കുന്നത് അതിരു കവിഞ്ഞ സംശയിക്കൽ പോലെയാണ്. സ്വതന്ത്രരും, ദുരഭിമാനമില്ലാത്തവരും, സത്യസന്ധരും, ആയ സാക്ഷികൾ നിരവധി ആണെങ്കിൽ, സംഭവം നടന്നതു അറിയ - പ്പെടുന്ന സ്ഥലത്താണെങ്കിൽ, വിശ്വസിക്കാവുന്നതും സ്വീകാര്യവുമാണ്.

### യേശുവിന്റെ ഉയിർത്തെഴുന്നേല്പ് വിചാരിക്കുക

യേശുവിന്റെ മുറിവേറ്റ ശരീരം ജീവിച്ചുവെങ്കിൽ, നമ്മുടെ പുനരുത്ഥാനത്തിനു പ്രത്യാശയും, ബൈബിളിലെ അത്ഭുതങ്ങൾ വിശ്വസിക്കുവാൻ എളുപ്പവുമാകും. യേശുവിന്റെ ശരീരം ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ, നമ്മുടെ പ്രത്യാശ വ്യർത്ഥം, പിന്നെ മറ്റു അത്ഭുതങ്ങൾ പരിഗണിക്കേണ്ടതേയില്ല. അതുകൊണ്ടു, ക്രിസ്ത്യാനിത്വം ഒരു അത്ഭുതത്തിൽ നിലനില്ക്കുകയോ, പരാജയമടയുകയോ ചെയ്യും.

ഉയിർത്തെഴുന്നേല്പിന്റെ സാക്ഷ്യമോ? അഞ്ഞൂറിലധികം ആളുകൾ അവരുടെ കണ്ണുകൾ കൊണ്ടു ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടു പരിശോധിച്ചു (1 കൊരിന്ത്യർ 15:6). സുവിശേഷ വിവരണങ്ങൾ,

പരസ്പര വിരുദ്ധം അല്ലെങ്കിലും, എഴുതുന്നതിൽ വ്യത്യസ്ത സ്വാതന്ത്ര്യം പുലർത്തി, എന്നാൽ ഉപസംഹാരത്തിൽ അല്ല താനും. മൃദുവും, സുബോധവുമുള്ള മനുഷ്യർ ഒരു ഉയിർത്തെഴുന്നേല്പ് വിശ്വസിച്ചിരുന്നില്ല. അവർ അതു ആദ്യം കേട്ടപ്പോൾ പോലും വിശ്വസിച്ചില്ല. ചിലർ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുകയും സ്പർശിക്കയും ചെയ്തിട്ടും "അവരുടെ ... അവിശ്വാസത്തെയും ഹൃദയ കാഠിന്യത്തെയും ശാസിക്കയുണ്ടായി" (മർക്കൊസ് 16:14). ആ മനുഷ്യർ ഉയിർത്തെഴുന്നേല്പ് എന്ന ആശയത്തിനു ഹ്യൂമിനെ പോലെ എതിരായിരുന്നു; അവരെ പ്രേരിപ്പിക്കേണ്ടതായിരുന്നു. പിന്നീട്, അവരുടെ നിത്യമായ ക്ഷേമമായി പരിശോധിക്കുവാൻ കല്ലറയിൽ നിന്നു പുറത്തു വന്ന ക്രിസ്തുവുമായി അവർ ഭക്ഷണം കഴിക്കുകയുണ്ടായി.

അത്തരം പെരുമാറ്റത്തെ "സത്യസന്ധത" എന്നല്ലാതെ മറ്റെന്തു പറയുവാനാണ്. ആധുനിക അനുഭവസ്ഥർ ചെയ്യുന്നതുപോലെ അവർ നിർണ്ണായകമായി പരിശോധിച്ചു. അവർ അനുഭവ പരിശോധനയാണ് നടത്തിയത്: കല്ലറയ്ക്കുള്ളിൽ ചെന്നു നോക്കി തലപ്പാവും റൂമാലും മാത്രം കണ്ടു. സാക്ഷികളെ ചോദ്യം ചെയ്തു. അവർ ജീവന്റെ വചനം അവരുടെ കൈകൾ കൊണ്ടു തൊട്ടു!

## കൃത്രിമ അത്ഭുതങ്ങൾ താരതമ്യം ചെയ്യാവുന്നതല്ല

ക്രിസ്ത്യാനിത്വത്തിലെ പരമോന്നത അത്ഭുതങ്ങൾ മറ്റു കൃത്രിമ അത്ഭുതങ്ങളുമായി നോക്കുമ്പോൾ, ഉയിർത്തെഴുന്നേല്പിന്റെ തെളിവുകൾ വളരെ ഉയർന്നു നില്ക്കുന്നു. പരമാർത്ഥത്തിൽ, വസ്തുതാപരമായി, നിയമപരമായി തെളിയിക്കപ്പെട്ട നമ്മുടെ കർത്താവിന്റെ ഉയർത്തെഴുന്നേല്പ് ചരിത്രത്തിലെ ഏറ്റവും നന്നായി - തെളിയിക്കപ്പെട്ട സംഭവം തന്നെ.

© 2009 Truth for Today